# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കങ്ങഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksaktmp5- 465/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/04/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കങ്ങഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksaktmp5- 465/2021 തീയ്യതി: 26/04/2021

## കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (08.03.21 മുതൽ)
ശ്രീമതി കൊച്ചുമോൾ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ (10.03.21 വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബി പ്രദീപ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീതാ മേരി മാമൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജാഭായി വി ജെ | അസി.സെക്രട്ടറി | 01-04-2019 | 07-08-2019 |
| ശ്രീ രാജു ഇ കെ | അസി.സെക്രട്ടറി | 08-08-2019 | 31-03-2020 |
| ശ്രീമതി ബിജിമോൾ പി പി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സ്നേഹലതാ മാത്യൂസ് | കൃഷി ഓഫീസർ | 01-04-2019 | 11-10-2019 |
| ശ്രീമതി അഞ്ജു വിശ്വനാഥ് | കൃഷി ഓഫീസർ | 12-10-2019 | 02-12-2019 |
| ശ്രീമതി അമ്മു പുന്നൂസ് | കൃഷി ഓഫീസർ | 03-12-2019 | 31-03-2020 |
| ഡോ.അജയ് കുരുവിള | വെറ്ററിനറി സർജൻ | 01-04-2019 | 30-07-2019 |
| ഡോ.ഉഷാ ആർ | വെറ്ററിനറി സർജൻ | 30-07-2019 | 14-10-2019 |
| ഡോ.ആതിരാ ജോർജ് | വെറ്ററിനറി സർജൻ | 14-10-2019 | 31-03-2020 |
| ഡോ.ബെറ്റ്സി ജേക്കബ് | മെഡിക്കൽ ഓഫീസർ , സി എച്ച് സി കങ്ങഴ | 01-04-2019 | 31-03-2020 |
| ഡോ.സൗമ്യ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 10-01-2020 |
| ഡോ.ആരതി ഗോപിനാഥ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 11-01-2020 | 31-03-2020 |
| ശ്രീമതി ചിന്ദു റ്റി കുട്ടപ്പൻ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജമീലാ സി എച്ച് | ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ പി എസ് കങ്ങഴ | 01-04-2019 | 31-05-2019 |
| ശ്രീമതി മെറീനാ ഏബ്രഹാം | ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ പി എസ് കങ്ങഴ | 01-06-2019 | 31-03-2020 |
| ശ്രീമതി. ജയറാണി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 12-12-2019 |
| ശ്രീ.റോണാൾഡ് | ഡയറി ഫാം | 12-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| വിൽസൺ | ഇൻസ്ട്രക്ടർ | | |
| ശ്രീമതി വിഷ്ണുമായ സുധാകരൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ മനോജ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-5 |
| 6 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-03-2021) | 1-6 |
| 7 | ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-03-2021) | 1-10 |
| 11 | വസ്തു നികുതി ഒഴിവാക്കി<br>Written By: Ranjith M (Senior Grade Auditor, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-12 |
| 13 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-13 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-14 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക അപാകതകൾ<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-15 |
| 16 | ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-16 |
| 17 | ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-17 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-18 |
| 19 | ഗ്രാമസഭ കൃത്യമായി യോഗം ചേരുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-19 |

| | | |
|---|---|---|
| 20 | യോഗാ ബോധവൽക്കരണവും തുടർ പരിശീലനവും - പരിശീലകനെ തെരെഞ്ഞെടുത്തപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: M Kochumol (Senior Grade Auditor, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-20 |
| 21 | എൻ.ആർ.ജി.എ).അക്കൗണ്ടിലേയ്ക്ക് ഭരണപരമായ ചെലവിന് നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-21 |
| 22 | വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-22 |
| 23 | കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-23 |
| 24 | ഗ്രാമപഞ്ചായത്തിലെ വിവിധ വർഡുകളിൽ കുടിവെള്ള വിതരണം -വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണമേന്മഉറപ്പ് വരുത്തിയിട്ടില്ല.<br>Written By: M Kochumol (Senior Grade Auditor, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 1-24 |
| 25 | പതിപ്പലം തൂമ്പുങ്കൽ റോഡ് കോൺക്രീറ്റിംഗ് - മൺറോഡ് പൂർണ്ണമായും കോൺക്രീറ്റ് ചെയ്യാൻ തുടർ പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-25 |
| 26 | കോൺക്രീറ്റിംഗ് പ്രവൃത്തികൾ - 2019-20 പ്രവൃത്തികളിൽ ഇനം ഒഴിവാക്കിയത് സംബന്ധിച്ച്<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 1-26 |
| 27 | ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ കാലതാമസം - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 1-28 |
| 29 | അംഗണവാടി പോഷകാഹാരവിതരണം -അപാകതകൾ സംബന്ധിച്ച്<br>Written By: M Kochumol (Senior Grade Auditor, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 1-29 |
| 30 | ലൈഫ് പദ്ധതി അവലോകനം<br>Written By: Ranjith M (Senior Grade Auditor, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല<br>Written By: Ambily M (Asst. Audit Officer, On 26-04-2021)<br>Last Updated By: Ambily M (Asst. Audit Officer, On 26-04-2021) | 3-1 |
| 2 | മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ കാലതാമസം -കാലതാമസത്തിന് പിഴ | 3-2 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 26-04-2021)<br>Last Updated By: Ambily M (Asst. Audit Officer, On 26-04-2021) | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Lekha V (Audit Officer, On 15-03-2021) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Lekha V (Audit Officer, On 15-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lekha V (Audit Officer, On 15-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Saramma John (Asst. Audit Officer, On 16-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saramma John (Asst. Audit Officer, On 16-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 15-04-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18/2/2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബജറ്റ് ജനറൽ കമ്മിറ്റി 25.2.2019 ൽ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രസ്തുത ബജറ്റ് പ്രകാരം പ്രതീക്ഷിച്ച മുന്നിരിപ്പ് -4302430/-രൂപയും, ആകെ വരവ് 135022000/-രൂപയും, ആകെ ചെലവ് -134639636/-രൂപയും, നീക്കിയിരുപ്പ് 4684794/-രൂപയുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളും, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിർവ്വഹണോദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും, ബജറ്റ് നിർദ്ദേശങ്ങളും സ്വീകരിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ബജറ്റ് പ്രകാരം പ്രധാന നികുതി /നികുതിയേതര വരവുകളുടെ പ്രതീക്ഷിത വരവും ലഭ്യമായ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | വാർഷിക കണക്ക് പ്രകാരം ലഭ്യമായ വരവ് (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| വസ്തുനികുതി | 5700,000 | 4019963 | 1680037 |
| തൊഴിൽ നികുതി | 1350,000 | 1110740 | 239260 |
| കെട്ടിട വാടക | 550,000 | 562594 | 12594 |

വസ്തുനികുതിയിനത്തിൽ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും ലഭ്യമായ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 4.3.20 ലെ 5(1)-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

31-7-2020 നകം ലഭിക്കേണ്ടിയിരുന്ന വാർഷിക കണക്ക് 16-6-2020ന് ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ അപാകതകൾ ഇല്ലാതിരുന്നതിനാൽ വാർഷികകണക്ക് സ്വീകരിച്ചു.

വാർഷിക ധനകാര്യ പത്രിക ഓഡിറ്റിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2.07.2011ലെ ജി.ഒ(എം.എസ്.)152/11തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ കണക്കാക്കപ്പെട്ട 31.03.2020 പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

2) കിട്ടാനുള്ള തുകകൾക്ക് കാലപഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രോവിഷൻ നൽകിയിട്ടില്ല.

3) വസ്തു നികുതിയിനത്തിലെ ഡിമാന്റ് (കുടിശ്ശിക) കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ- സഞ്ചയ റിപ്പോർട്ടുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4) വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച ബ്ലോക്ക് ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ഐ.കെ.എം. ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17482131.95 |
| ഓഡിറ്റ് വർഷത്തെ വരവ് | 50830084 |
| ആകെ | 68312215.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50021635 |
| നീക്കിയിരിപ്പ് | 18290580.95 |
| വരവിനത്തിലെ നഷ്ടം | ഇല്ല |
| ചെലവിനത്തിലുള്ള നഷ്ടം (ഓഡിറ്റിൽ നിരാകരിച്ച തുക) | 3540/- |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

(സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11096397 | 11096397 | 9280069 | 1816328 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3217471 | 3217471 | 3044422 | 173049 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 160000 | 160000 | 150000 | 10000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 0 | 6607000 | 6607000 | 2004750 | 4602250 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 0 | 3410000 | 3410000 | 3037137 | 372863 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8922199 | 8922199 | 5669319 | 3252880 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എൻ ആർ ഇ ജി എ | 5942 | 528711 | 534653 | 534334 | 319 |
| ഐസിഡിഎസ് (കേന്ദ്ര വിഹിതം) | 762992 | 312302 | 1075294 | 784030 | 291264 |
| സ്വച്ഛ് ഭാരത് മിഷൻ | 681802 | 0 | 681802 | 567525 | 114277 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

<u>തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.</u>

1.ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിരിക്കുന്നത് പഞ്ചായത്തിന് ലഭിച്ച ആകെ വരവാണ്. (എസിആർ പ്രകാരമുള്ളത്). എന്നാൽ സ്റ്റേറ്റ്മെന്റിലെ മേഖല വിഭജന പ്രകാരമുള്ള വകയിരുത്തൽ സുലേഖ ചെലവ് പത്രികയുമായോ, എസിആറുമായോ പൊരുത്തപ്പെടുന്നില്ല. എന്നാൽ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. ആകയാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല.

2.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ/ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ACR / ക്യാഷ് ബുക്ക് / വാർഷിക കണക്ക് പ്രകാരം | | | | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | | |
| എൻആർഇജിഎ | 5942 | 528711 | 534334 | 319 | 0 | 0 | 1184555 | -1184555 |
| ഐസിഡിഎസ് | 762992 | 312302 | 784030 | 291264 | 0 | 8843800 | 1070730 | 7773070 |
| സ്വച്ഛ് ഭാരത് മിഷൻ | 681802 | 0 | 567525 | 114277 | 0 | 562725 | 0 | 1857525 |

## 1-5 പദ്ധതി അവലോകനം

2019-20 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 26.10.2018ലും, വികസനസെമിനാർ 29.11.2018ലും നടത്തപ്പെട്ടു. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 20.03.2020ലെ 2707/18/ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

2019-20 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുണ്ടെങ്കിലും സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്തതിന്റെ വിവരം മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി തയ്യാറാക്കുന്നതിൽ

നിയമപരമായ ചുമതല പൂർണ്ണമായും പാലിക്കുന്നില്ല എന്ന് മിനിറ്റ്സ് ബുക്ക് പരിശോധനയിൽ ബോധ്യപ്പെട്ടു. പല മിനിറ്റ്സ് ബുക്കുകളിലും തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

2019-20 വാർഷിക പദ്ധതിയുടെ അടങ്കൽ 92749711/-രൂപയും, ആകെ ചെലവ് 36236595/-രൂപയുമാണ്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2875163 | 538597 | 18.73 |
| വെറ്ററിനറി സർജൻ | 8 | 8 | 5020000 | 3073367 | 61.22 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 521577 | 503274 | 96.4 |
| വി.ഇ.ഒ 1 | 7 | 7 | 12883988 | 9630744 | 74.74 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 400,000 | 400,000 | 100 |
| വി.ഇ.ഒ 2 | 7 | 6 | 4938471 | 2542600 | 51.48 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10 | 7 | 3853330 | 3354480 | 87.05 |
| സെക്രട്ടറി | 23 | 19 | 10877308 | 3925922 | 36.09 |
| അസി.എഞ്ചിനീയർ | 84 | 43 | 47642929 | 9753222 | 20.47 |
| അസി.സെക്രട്ടറി | 6 | 5 | 1548945 | 812445 | 52.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1850000 | 1501944 | 81.18 |
| ഹെഡ്മാസ്റ്റർ | 3 | 1 | 338000 | 200,000 | 59.17 |
| ആകെ | 159 | 107 | 92749711 | 36236595 | 39.06 |

പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നില്ല

ജി.ഒ.(എം.എസ്)നം.72/17 ത.സ്വ.ഭ.വ. തീ.29.3.2017 ഖ14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്.

പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും, കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രമോ മോണിട്ടറിംഗ് റിപ്പോർട്ടോ പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ പഞ്ചായത്തിന് ലഭ്യമായ അലോട്ട്മെന്റിൽ 30% തുക മാത്രമാണ് തൻവർഷം ഗ്രാമപഞ്ചായത്തിന് ചെലവഴിയ്ക്കാൻ സാധിച്ചത്. മെയിന്റനൻസ്ഗ്രാന്റ് ചെലവഴിക്കുന്നതിന് ഒരു മെയിന്റനൻസ് പ്ലാൻ/ആസ്തി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. സർക്കുലർ നം.68228/എഫ്.എം 1/2012/ത.സ്വ.ഭ.വ 28.11.2012 പ്രകാരം റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്താൽ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് ഉടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

<u>നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാകയാൽ 1.02 കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20 വർഷം സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല. 7384159/-രൂപയുടെ ബില്ലുകൾ ക്യൂവിലായതിനാൽ തൻവർഷം ചെലവഴിയ്ക്കാൻ സാധിച്ചില്ല.ട്രഷറി നിയന്ത്രണങ്ങളും,കോവിഡ് മൂലമുള്ള ലോക്ക് ഡൗണും കാരണമാണ് പദ്ധതി തുകയുടെ വിനിയോഗത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത്.തൻവർഷം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടവാക്കിയ തുക |
|---|---|
| വികസനഫണ്ട് | 1816328 |
| എസ്.സി.പി | 173049 |
| ടി.എസ്.പി | 10000 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 4602250 |

| | |
|---|---|
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 372863 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3252880 |
| ആകെ | 10218370 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കുന്നില്ലാത്തതിനാൽ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട 1.02 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.02 കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് പഞ്ചായത്ത് കമ്മിറ്റി ഗൗരവമായി കാണേണ്ടതും ഭാവിയിൽ വിനിയോഗ ലക്ഷ്യം കൈവരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്. ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധപതിയ്ക്കേണ്ടതാണ്.

## 1-6 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36480 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 756600 | 220 |
| വിധവാപെൻഷൻ | 2262600 | 652 |
| വാർദ്ധക്യകാലപെൻഷൻ | 5745900 | 1628 |
| വികലാംഗപെൻഷൻ | 639900 | 180 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 100800 | 28 |

## 1-7 ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 179 പ്രോജക്ടുകളിൽ 149 എണ്ണം തൻവർഷം നടപ്പിലാക്കി. 27734 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 423 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, വൃക്ഷതൈ നടീൽ, കുളം നിർമ്മാണം, തരിശുഭൂമി കൃഷി യോഗ്യമാക്കൽ, കിണർ നിർമ്മാണം, തോടുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ എന്നീ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5942 | 528711 | 534653 | 534334 | 319 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | --- | 10543166 | 10543166 | 10543166 | --- |
| ആകെ | 5942 | 11071877 | 11077819 | 11027500 | 319 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.03.2021ൽ 02.45 പി.എം.-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44683/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലാർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി കണക്കാക്കി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഫർണീച്ചർ/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2017-30.10.2017 | 2012-13 മുതൽ 2016-17 വരെ | LBA (HQ)- II 8A-2704/17-18/275- Dt 08.12.2017 |

## 1-11 വസ്തു നികുതി ഒഴിവാക്കി

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് കാരണം വ്യക്തമാക്കേണ്ടതാണ്.

| കെട്ടിട ഉടമ | വാർഡ്/ കെട്ടിട നമ്പർ | നടത്തിപ്പ് |
|---|---|---|
| സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് | lv/325, IV/41 IV/324 | ഉപയോഗക്രമം വ്യക്തമല്ല |

ടി കെട്ടിടത്തെ വസ്തു നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-9)നൽകിയിരുന്നു. എന്നാൽ പള്ളിയോട് ചേർന്നുള്ള അനുബന്ധ കെട്ടിടങ്ങൾ ആയതു കൊണ്ടാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് എന്ന മറുപടിയാണ് നൽകിയത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(1) പ്രകാരം ആരാധനയ്ക്കും അനുബന്ധ ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങളെ മാത്രമെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളു. പ്രസ്തുത കെട്ടിടം ആരാധനാലയമാണോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും ആരാധനാലയം അല്ലാത്തപക്ഷം ടി കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ -താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

2019-20 സാമ്പത്തിക വർഷം ഡി.ആന്റ്.ഒ ലൈസൻസിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| പാഷോ അഗ്രി പ്രോഡക്ട് | 1x/165 | 05 |
| ചേന്നാട്ട് ഫ്യൂവൽസ് | Viii/22 | 06 |
| റ്റി.എം.എ-പത്തനാട്-റബർ ഡീലർ | lx/351 A,353,355 | 08 |
| റോബിൻ പെട്രോളിയം | lii/319 | 07 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.- വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.എസ്.സി.ബി-കോട്ടയം

2.എസ്.ബി.ഐ-ഇടിയരിക്കാപ്പുഴ

3.സൗത്ത് ഇന്ത്യൻ ബാങ്ക് -പത്തനാട്

4.എസ്.ബി.ഐ-മുണ്ടത്താനം

5.മുത്തൂറ്റ് ഫിൻകോർപ്പ്-പത്തനാട്

6.കൊശമറ്റം ഫിനാൻസ്

7.മിനി മുത്തൂറ്റ് നിധി-പത്തനാട്

8.മണപ്പുറം ഫിനാൻസ് -പത്തനാട്

9.മേരി റാണി പോപ്പുലർ നിധി

10.മുളമൂട്ടിൽ ഫിനാൻസ്

ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തനത് വരുമാനം താരമമ്യേന കുറവുള്ള ഗ്രാമപഞ്ചായത്തിൽ പരമാവധി എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ബഥേനി ഇംഗ്ലീഷ് മീഡിയം സ്കൂൾ

2.ക്ഷീരോലൽപ്പാദക സഹകരണ സംഘം-മുണ്ടത്താനം

3.ക്ഷീരോലൽപ്പാദക സഹകരണ സംഘം-പരുത്തിമൂട്

4.ക്ഷീരോലൽപ്പാദക സഹകരണ സംഘം-കങ്ങഴ

5.ക്ഷീരോലൽപ്പാദക സഹകരണ സംഘം-ഇടയിരിക്കാപ്പുഴ

6.കരിമല ഗ്രാനൈറ്റ്സ് ആന്റ് അഗ്രമേറ്റ്സ്

7.ഗ്രിഗോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

8.മുളമൂട്ടിൽ ഫിനാൻസ്

9.ബി.എസ്.എൻ.എൽ

10.കോനാട്ട് എജൻസീസ് -പത്തനാട്

11.വിവേകാനന്ദ പബ്ലിക് സ്കൂൾ-പത്തനാട്

2.താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

| സ്ഥാപനം | ജീവനക്കാരൻ | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| കൃഷി ഓഫീസ് -കങ്ങഴ | അമ്മു പുന്നൂസ് | Ii |
| എൽ.എസ്.ജി.ഡി | ബിജിമോൾ പി.പി | Ii |
| പോസ്റ്റ് ഓഫീസ് | ജയൻ പി.ആർ | Ii |

3. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷനിംഗ് സ്ഥാപനങ്ങൾ കള്ളുഷോപ്പുകൾ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക അപാകതകൾ

1) ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ, വ്യവസ്ഥകൾ കുത്തകക്കാർ അനുവർത്തിക്കേണ്ട വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലോ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഷോപ്പിംഗ് കോപ്ലക്സ്

മുറികൾ വാടകയ്ക്കു നല്കുന്നതിന് തയ്യാറാക്കിയ ബൈലോ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) കൃഷിഭവൻ ഷോപ്പിങ് കോംപ്ലക്സ് കുത്തകകാരന്റെ കയ്യിൽനിന്നും പ്രതിമാസ വാടക 5145/- രൂപ നിരക്കിൽ 11/2019 മുതൽ 3/2020 വരെ ഈടാക്കിയപ്പോൾ പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല. (രസീത് നമ്പർ 1 1 9 0 1 0 1 0 6 1 0 3/ 18.3.2020). കുത്തകക്കാരനിൽ നിന്നും പിഴപലിശ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) ബിഎസ്എൻഎൽ ടവറിന്റെ പ്രതിമാസ വാടക 1.4.2019 മുതൽ 14.2.2020 ലെ 9 (1) കമ്മിറ്റി തീരുമാനപ്രകാരം 4000 രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ബിഎസ്എൻഎൽ 1800/- രൂപ നിരക്കിൽ ആണ് വാടക അടവാക്കിയിട്ടുള്ളത്. വാടക കുടിശ്ശിക പുതുക്കിയ നിരക്കിൽ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ

1. 1996ലെ (ഫാക്ടറികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)
ചട്ടങ്ങൾക്ക് 2017ലെ ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ ( ഉൽപ്പാദനം, സേവനം) അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. കങ്ങഴ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധന നിക്ഷേപ തുക അപേക്ഷയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ലൈസൻസ് ഫീസ് ഈടാക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18) മറുപടി ലഭ്യമാക്കിയിട്ടില്ല. 1) 1996-ലെ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും
2) ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 15 വാർഡുകളിലായി 304 സ്ഥാപനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം 264 സ്ഥാപനങ്ങളിൽ നിന്നും മാത്രമേ ലൈസൻസ് ഈടാക്കിയിട്ടുള്ളൂ. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി പരിഷ്കരിക്കേണ്ടതാണ്.

## 1-17 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2019-20 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ.നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | 81/20 കടയനിക്കാട് പള്ളിപ്പടി പഴക്കാക്കുളം റോഡ് റീടാറിംഗ് | 2 | 2500 | 5000 |
| 2 | 18/20 മുള്ളംകുഴി ചില്ലാക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 2 | 981 | 1962 |
| 3 | 160/20 എം സി എഫ് നിർമ്മാണം | 3 | 2500 | 7500 |
| 4 | 24/20 കങ്ങഴ അമ്പലം പുള്ളോലിപ്പടി റോഡ് കോൺക്രീറ്റിംഗ് | 3 | 500 | 1500 |
| 5 | 57/20 പുതുവാക്കുന്ന് ചേറ്റേടം റോഡ് റീടാറിംഗ് | 1 | 1247 | 1247 |
| | ആകെ | | | 17209 |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് എസ് ബി ഐ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 14/12.03.20) പഞ്ചായത്ത് നൽകിയത്. അക്കൗണ്ട് ആരംഭിച്ച് മുൻവർഷങ്ങളിലേതുൾപ്പടെയുള്ള ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുവാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റികൈക്കൊള്ളേണ്ടതാണ്.

## 1-19 ഗ്രാമസഭ കൃത്യമായി യോഗം ചേരുന്നില്ല

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. എന്നാൽ കഞ്ഞ ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിൽ 5-ാം വാർഡിൽ ഒഴികെ എല്ലാ വാർഡുകളിലും 2019-20 സാമ്പത്തിക വർഷം ആകെ 2 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭയുടെ സംഘാടനം നടത്തുന്നത് 6 മാസത്തിലൊരിക്കലാണ് എന്ന് കാണുന്നു. ഇത് നിയമവിരുദ്ധമാണ്. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-20 യോഗാ ബോധവൽക്കരണവും തുടർ പരിശീലനവും - പരിശീലകനെ തെരെഞ്ഞെടുത്തപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

വൌച്ചർ നം 21900196/12/06/19

ചെലവ്-4000/-

പഞ്ചായത്ത് ലൈബ്രറി അനുബന്ധപ്രവർത്തനങ്ങളുടെ ഭാഗമായി യോഗാ ബോധവൽക്കരണവും തുടർ പരിശീലനവും നടത്തുന്നതിനായി മേൽ വൗച്ചർ പ്രകാരം 4000/-ചെലവഴിച്ചിട്ടുണ്ട്. 3/19, 4/19, 5/19 എന്നീ മാസങ്ങിൽ 10 ദിവസം യോഗ ക്ളാസുകൾ നടത്തിയതായി കാണുന്നു. പരിശീകന് ദിവസം 400 നിരക്കിൽ 4000/-രൂപ ഫീസായി നല്കിയിട്ടുണ്ട്. ഷാബു വി.കെ എന്നയാൾ ചെക്ക് കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ കാണുന്നുണ്ട്. പരിശീലകനെ സംബന്ധിച്ച വിവരങ്ങൾ-തെരെഞ്ഞെടുപ്പ്, യോഗ്യത എന്നീ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കി. ലഭിച്ച മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുകയില്ലന്ന് വ്യക്തമാക്കിയിട്ടുണ്ട്. നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് മാത്രം പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 എൻ.ആർ.ജി.എ.അക്കൗണ്ടിലേയ്ക്ക് ഭരണപരമായ ചെലവിന് നൽകിയ തുക ക്രമീകരിച്ചിട്ടില്ല

എൻ.ആർ.ജി.എ.ഓഫീസിലെ ജീവനക്കാരുടെ ശമ്പളമിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയ 281086/-രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. (9250/-രൂപ 2018-19 ലേതും, 271836/-രൂപ 2019-20 വർഷത്തിലേതും) എൻ.ആർ.ജി.എ അക്കൗണ്ടിൽ ടി തുക ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. 281086/-രൂപ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8) മറുപടിയായി 2019-20ൽ നൽകിയ 9250/-രൂപയും 2019-20 വർഷം നൽകിയ 271836/-രൂപയും 2020-21 സാമ്പത്തിക വർഷമാണ് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളതെന്നും 1.10.2020 മുതൽ ILGMS ഫിനാൻസ് മൊഡ്യൂൾ പഞ്ചായത്തിൽ ഏർപ്പെടുത്തിയിരുന്നു മൂലമുണ്ടായ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണവും ടി തുകകൾ ക്രമീകരിക്കുന്നതിന് തടസം നേരിട്ടെന്നും 31.3.2021 നുമ്പായി ക്രമീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിരുന്നു. ക്രമീകരിക്കാനവശേഷിക്കുന്ന തുകകൾ ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

2019-20 വർഷം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 67375/-രൂപ വീതം തൻ വർഷം 673750/-രൂപ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിൽ 154 ടാപ്പുകൾക്ക് പ്രതിവർഷം പൈപ്പൊന്നിന് 5250/-രൂപ നിരക്കിൽ വെള്ളക്കരം നൽകേണ്ടതായി അറിയിക്കുന്നു. പ്രസ്തുത ഡിമാന്റ് നോട്ടീസിൽ എല്ലാമാസവും മുൻമാസങ്ങളിലെ നീക്കിയിരുപ്പ് തുകയായി വലിയ തുകയും, പിഴയും, തൻമാസ ഡിമാന്റായ 67375/-രൂപയും അടവാക്കാൻ ആവശ്യപ്പെടുമ്പോൾ ഗ്രാമപഞ്ചായത്ത് തൻ മാസത്തെ ഡിമാന്റ് മാത്രമാണ് അടവാക്കുന്നത്. എന്നാൽ പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 154 ടാപ്പുകളിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. പ്രവർത്തനക്ഷമമല്ലാത്തവയുടെ വെള്ളക്കരം ഒടുക്കുന്നത് മൂലം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള ആവർത്തന നഷ്ടം ഉണ്ടാവുന്നു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായിട്ടുള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ

ചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള മുൻ കുടിശിക സംബന്ധിച്ച് പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടാവാതെ പരിഹരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം.S0073/20

അടങ്കൽ

ധനകാര്യകമ്മീഷൻ ഗ്രാന്റ് -242000

മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)-866500

തനത് ഫണ്ട് -41500

ആകെ -1150,000

ചെലവ് വിശദാംശങ്ങൾ

ബിൽ നം.31/20 -242000/-രൂപ തീ 13.11.19

ബിൽ നം.32/20 -458000/-രൂപ തീ15.11.19

ബിൽ നം.34/20 -408500/-രൂപ തീ19.12.19

വൗച്ചർ നം. 21900792/26.12.19 -41500; ചെക്ക് നം. 2282070/26.12.19

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 8 അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളത്തിനുള്ള സൗകര്യം ഒരുക്കുന്നതിനായി ഭൂഗർഭ ജലവകുപ്പിൽ 11,50,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. കുഴൽ കിണർ സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അങ്കണവാടി നം./ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | പടിഞ്ഞാറ്റുപതി അങ്കണവാടി വാർഡ്3, നം.37 | 147000 |
| 2 | കുന്നം വേങ്ങ അങ്കണവാടി വാർഡ് 6, നം.39 | 146000 |
| 3 | അഞ്ചാനി അങ്കണവാടി വാർഡ് 5, നം.40 | 121000 |
| 4 | ചെങ്കമല അങ്കണവാടി വാർഡ് 6, നം.41 | 144000 |
| 5 | ചിറക്കുന്നേൽ അങ്കണവാടി വാർഡ് 9, നം. 44 | 151000 |
| 6 | കൊറ്റംചിറ അങ്കണവാടി വാർഡ് 7, നം.45 | 148000 |
| 7 | ചാരംപറമ്പ് അങ്കണവാടി വാർഡ് 14,നം.47 | 142000 |
| 8 | മണ്ണപുരയിടം അങ്കണവാടി വാർഡ് 8, നം.112 | 151000 |
| ആകെ | | 11,50,000 |

മേൽ പരാമർശിച്ചിട്ടുള്ള അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10നു മറുപടിയായി കുഴൽ കിണർ നിർമ്മാണം

പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ഭൂഗർഭ ജലവകുപ്പിന്റെ ഓഫീസിൽ ഹാൻഡ് പമ്പിന്റെ ലഭ്യതക്കുറവ് മൂലം കുഴൽ കിണറുകൾക്ക് നാളിതുവരെ ഹാൻഡ് പമ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. കുഴൽ കിണറുകൾക്ക് എത്രയും വേഗം ഹാൻഡ് പമ്പ് സ്ഥാപിച്ച് കിണറുകൾ എത്രയും വേഗം ഉപയോഗക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂഗർഭ ജല വകുപ്പിൽ നിന്നും നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിലെ വിവിധ വർഡുകളിൽ കുടിവെള്ള വിതരണം -വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തിയിട്ടില്ല.

വൌച്ചർ നം. 21900464/07/09/19

ചെലവ്-324324/-

ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 09/05/19 മുതൽ 02/06/19 വരെ കുടിവെള്ളം വിതരണം ചെയ്ത ഇനത്തിൽ മേൽ സൂചിത വൗച്ചർ പ്രകാരം 324324/-രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ ചാക്കോ വർഗീസ്, പെരിഞ്ചേരിൽ എന്ന കരാറുകാരൻ മേൽ തുക കൈപ്പറ്റിയിട്ടുണ്ട്. ക്വട്ടേഷൻ വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുണ്ട്. ക്വട്ടേഷൻ വ്യവസ്ഥകൾ നം.4, പ്രകാരം വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സിൽ നിന്നല്ലാതെ എടുക്കുന്ന കുടി വെള്ളത്തിന് സെക്രട്ടറിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ക്വട്ടേഷൻ വ്യവസ്ഥകൾ നം.6 പ്രകാരം അംഗീകൃത പരിശോധനാ ലാബിൽ കുടിവെള്ളം പരിശോധിച്ച് ശുദ്ധതാസാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരാർ വ്യവസ്ഥകളിൽ ജലത്തിന്റെ ഗുണമേൻമ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.13/1-03-21 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തിയോ എന്നത് വ്യക്തമല്ല. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പതിപ്പലം ഉന്നുങ്കൽ റോഡ് കോൺക്രീറ്റിംഗ് - മൺറോഡ് പൂർണ്ണമായും കോൺക്രീറ്റ് ചെയ്യാൻ തുടർ പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 92/20 |
| അടങ്കൽ | 350000(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 3,49,334 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ആസ്തി രജിസ്റ്റർ പ്രകാരം 400 മീറ്റർ നീളമുള്ള മൺറോഡാണിത്. 2019-20 ലെ പ്രസ്തുത പ്രോജക്ട് പ്രകാരം 96.2 മീറ്റർ മാത്രമാണ് കോൺക്രീറ്റിംഗ് ചെയ്തിരിക്കുന്നത്. അവശേഷിക്കുന്ന ഭാഗം കോൺക്രീറ്റിംഗ് ചെയ്യാൻ തുടർ പ്രോജക്ട് ആവിഷ്കരിച്ചിട്ടുമില്ല. റോഡ് പൂർണ്ണമായും കോൺക്രീറ്റ് ചെയ്താൽ മാത്രമേ ഇത്തരമൊരു പ്രോജക്ടിന്റെ പ്രയോജനം ലഭ്യമാവുന്നുള്ളൂ. അവശേഷിക്കുന്ന ഭാഗവും കൂടി കോൺക്രീറ്റ് ചെയ്യാൻ ആവശ്യമായ നടപടി ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 30% മാത്രമാണ് 2019-20ൽ ചെലവഴിക്കാനായത്. ഫണ്ടിന്റെ പ്രയോജനപ്രദമായ വകയിരുത്തലിനും പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ സമഗ്രമായി നടപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 കോൺക്രീറ്റിംഗ് പ്രവൃത്തികൾ - 2019-20 പ്രവൃത്തികളിൽ ഇനം ഒഴിവാക്കിയത് സംബന്ധിച്ച്

2019-20 ൽ സ്പിൽ ഓവർ ആയി തുടരുന്ന 2018-19 ലെ കോൺക്രീറ്റ് പ്രവൃത്തികളിൽ Surface Dressing, CC 1:2:4 എന്നിവയ്ക്ക് പുറമെ 15 Mm Thick Back Filling For Pitching Including Supplying Of Required Materials And Consolidation' എന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ പുതിയ പ്രോജക്ടുകളിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്താതെ Surface Dressing, CC 1:2:4 എന്നിവ മാത്രമേ ചെയ്യുന്നുള്ളൂ . ഇപ്രകാരം 2018-19 ൽ അധിക ഇനം ഉൾപ്പെടുത്താനുണ്ടായ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 15/12.03.21) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1% കുറവായി ചെയ്യാമെന്നാണ് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നത്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ മുഴുവൻ തുകയും കോൺട്രാക്ടർക്ക് നൽകുകയുണ്ടായി. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | ആകെ പ്രവൃത്തിമൂല്യം | 1% കുറവ് ചെയ്യേണ്ട ടെണ്ടർ വ്യതിയാനം (രൂപ) |
|---|---|---|
| 40/20 , ഏറത്തേടത്ത് – മന്ത്രിക്കൽ റോഡ് കോൺക്രീറ്റിംഗ് | 132932 രൂപ (ധനകാര്യ കമ്മീഷൻ | 1329 |
| 106/20, പഞ്ചായത്ത് വാഹന ഷെഡ് നവീകരണം | 27923 രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 279 |
| ആകെ | | 1608 |

കുറവ് തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ കാലതാമസം - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച അറിയിപ്പ് രജിസ്റ്റർ ചെയ്യുന്ന തീയതി ടെണ്ടർ അംഗീകരിച്ച തീയതിയായി കണക്കാക്കുന്നതും പ്രസ്തുത തീയതി മുതൽ 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴ ഈടാക്കിയും കരാറിലേർപ്പെടാവുന്നതാണ്. സമയപരിധി പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാതെ കരാറിലേർപ്പെടുന്നതിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | പി എ സി (രൂപ) | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|---|
| 112/20, 43-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | ശ്രീ.മുഹമ്മദ് ഹാരിസ് പുതുപ്പറമ്പിൽ | 09/08/18 | 23/08/18 | 1,49,428 | 28/09/18 | 1494 |
| 106/20,പഞ്ചായത്ത് വാഹന ഷെഡ് നവീകരണം | ശ്രീ.മുഹമ്മദ് ഹാരിസ് പുതുപ്പറമ്പിൽ | 14/10/19 | 27/10/19 | 43,827 | 29/10/19 | 438 |
| ആകെ | | | | | | 1932 |

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 അംഗണവാടി പോഷകാഹാരവിതരണം -അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നം. | 15/20, അംഗണവാടി പോഷകാഹാരം |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ |
| അടങ്കൽ | 107030 |
| ചെലവ് | 107030 |

1. സപ്ലൈകോയിൽ നിന്നും സൗജന്യമായി ലഭിക്കുന്ന അരിയുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ചേർത്തിട്ടില്ല.

2. മറ്റു ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്ക് വിവരങ്ങൾ പൂർണ്ണമല്ല.

സ്റ്റോക്ക് വിതരണരേഖകൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ലൈഫ് പദ്ധതി അവലോകനം

കങ്ങഴ ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി മൂന്ന പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.ജനറൽ വിഭാഗത്തിൽ രണ്ടു പ്രോജക്ടുകളും എസ്.സി വിഭാഗത്തിൽ ഒരു പ്രോജക്ടുമാണ് നടപ്പിലാക്കിയത് .2019-20 സാമ്പത്തിക വർഷം ആകെ 16 ഗുണഭോക്താക്കളുമായിട്ടാണ് എഗ്രിമെന്റ് വെച്ചിട്ടുണ്ടായിരുന്നത് .ടി 16 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.2018-19 സാമ്പത്തിക വർഷം ഭവനനിർമ്മാണം പൂർത്തീകരിക്കുവാനുണ്ടായിരുന്ന ഗുണഭോക്താക്കൾ എല്ലാവരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ടത് 5 പേരാണ് ആയതിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് 2 പേരാണ്.ബാക്കിയുള്ള 3 ഗുണഭോക്താകേകളുടെ ഭവന നിർമ്മാണം റൂഫ് സ്റ്റേജ് ഘട്ടത്തിലാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1% കുറവായി ചെയ്യാമെന്നാണ് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നത്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ മുഴുവൻ തുകയും കോൺട്രാക്ടർക്ക് നൽകുകയുണ്ടായി. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | ആകെ പ്രവൃത്തിമൂല്യം | 1% കുറവ് ചെയ്യേണ്ട ടെണ്ടർ വ്യതിയാനം (രൂപ) |
|---|---|---|
| 40/20 , ഏറത്തേടത്ത് -മന്ത്രിക്കൽ റോഡ് കോൺക്രീറ്റിംഗ് | 132932 രൂപ (ധനകാര്യ കമ്മീഷൻ | 1329 |
| 106/20, പഞ്ചായത്ത് വാഹന ഷെഡ് നവീകരണം | 27923 രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 279 |
| ആകെ | | 1608 |

കുറവ് തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ കാലതാമസം -കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം

കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച അറിയിപ്പ് രജിസ്റ്റർ ചെയ്യുന്ന തീയതി ടെണ്ടർ അംഗീകരിച്ച തീയതിയായി കണക്കാക്കുന്നതും പ്രസ്തുത തീയതി മുതൽ 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴ ഈടാക്കിയും കരാറിലേർപ്പെടാവുന്നതാണ്. സമയപരിധി പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാതെ കരാറിലേർപ്പെടുന്നതിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവ്യത്തി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | പി എ സി (രൂപ) | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|---|
| 112/20, 43-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | ശ്രീ.മുഹമ്മദ് ഹാരിസ് പുതുപ്പറമ്പിൽ | 09/08/18 | 23/08/18 | 1,49,428 | 28/09/18 | 1494 |
| 106/20,പഞ്ചായത്ത് വാഹന ഷെഡ് നവീകരണം | ശ്രീ.മുഹമ്മദ് ഹാരിസ് പുതുപ്പറമ്പിൽ | 14/10/19 | 27/10/19 | 43,827 | 29/10/19 | 438 |
| ആകെ | | | | | | 1932 |

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 14.08.2019 | 500000 | 29/ 20 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| | 30.09.2019 | 83350 | 15/20-അംഗനവാടി പോഷകാഹാരം | 83350 | 0 |
| | 01.10.2019 | 83350 | -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 83350 | 0 |
| | 15.10.2019 | 400000 200000 | 64/20-ലൈഫ് പദ്ധതി (ജനറൽ) | 600000 | 0 |
| | 19.08.2019 | 200000 | കങ്ങഴ അമ്പലം-പുള്ളോലിപ്പടി-കാരമല റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| | 19.08.2019 | 150000 | 79/20-വാഴവേലിപ്പടി -ഞൂഴൂമുറി റോഡ് കോൺക്രീറ്റിംഗ് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | 19.08.2019 | 200000 | 105/20-ഇലയ്ക്കാട് കങ്ങഴ അമ്പലം റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| | 15.10.2019 | 400000 | 67/20-ലൈഫ് പദ്ധതി-എസ്.സി | | 400000 |
| ആകെ | | 2216700 | | 1816700 | 400000 |
| ജില്ലാ പഞ്ചായത്ത് | | 2504860 | 64/20-ലൈഫ് പദ്ധതി (ജനറൽ) | 2504860 | 0 |
| ആകെ | | 2504860 | | 2504860 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവർത്തികൾക്കായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | അംഗണ വാടികൾക്ക് കുഴൽ കിണർ നിർമ്മാണം | 1150000 | | 1150000 |
| | | ബിൽ നം./ തീയതി<br>1. 31/20/13.11.19<br>242000 | | |
| | | 2. 32/20/15.11.19<br>458000 | | |
| | | 3. 34/20/19.12.19<br>408500 | | |
| | | 4. ചെക്ക് നം. 2282070/26.12.19<br>41500 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4,80,000/- വരവുണ്ട്.

| വായ്പയുടെ പേര് ,ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പാ തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി | GO(MS)100/2018/LSGD ,30.07.2018 | 6658226 | 6178226 | 480000 | 637647 | 6020579 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക് പ്രകാരം 2800/-രൂപയുടെ വരവുണ്ട്.എന്നാൽ 10.04.19 ലെ KSAKTM .P19/186/19 കത്ത്

പ്രകാരംറിട്ട.അസി.സെക്രട്ടറി ശ്രീമതി.വത്സലാദേവിയിൽ നിന്നും ഈടാക്കിയതാണ്.ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും, ഉദ്യോഗ പേരും | അടവാക്കിയതിന്റെ വിശദാംശങ്ങൾ,രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-11/2018-19 | 18100 | ശ്രീമതി.ബിജി മോൾ പി.പി,അസിസ്റ്റന്റ് എഞ്ചിനീയർ | 119010103561/18.11.2019 |
| 2018-19 | 3-12/2018-19 | 4588 | ശ്രീമതി.ചിത്ര.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ | 119010104797/14.01.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടി ക്രമങ്ങളിലെ വീഴ്ചകൾ | കാലിക സ്ഥിതി വിവരം ലഭ്യമല്ല |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50830084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50021635 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1608 | |

| | | | |
|---|---|---|---|
| | | | ബിജിമോൾ പി.വി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1932 | ബിജിമോൾ പി.വി അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | 3540 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജിമോൾ പി.വി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഞീഴൂർ ഗ്രാമ പഞ്ചായത്ത് | കണ്ണമംഗലം, വെച്ചൂർ പി.ഒ വൈക്കം. |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി.5/266/19(1)/18.5.19 | 3 |
| 2001-02 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.5/266/19(2)/18.5.19 | 1 |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.5/266/19(3)/18.5.19 | 1 |
| 2003-04 ചെലവ് | നം.എൽ.എഫ്.കെ.പി.11/1190/06/23.3.07/7.9.07 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(8)/18/ 01.02.18 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(9)/18/ 01.02.18 | 6 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(10)/18/ 20.02.18 | 13 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(11)/18/ 21.02.18 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(12)/18/ 21.02.18 | 4 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(13)/18/ 21.02.18 | 2 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(14)/18/ 21.02.18 | 6 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(15)/18/ 20.02.18 | 8 |
| 2012-13 | നം.എൽ.എഫ്.കെ.പി.5/672/16/20.08.16 | 19 |
| 2013-14 | നം.എൽ.എഫ്.കെ.പി.5/1274/16/03.10.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.5-1860/16/20.05.17 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.5-535/17/28.02.18 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.5-72/18/23.01.18 | 15 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.5-204/19/18.5.19 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1257/2019 /31.08.2019 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്